"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - പരേതയായ സീനിയർ നഴ്സിംഗ് ഓഫീസർ സുഷ മരക്കാവളപ്പിൽ -ന്റെ മകൻ ശ്രീ.അഭിഷേക് മോഹന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, വനം വന്യജീവി വകുപ്പിൽ മലപ്പുറം ജില്ലയിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.180/2025/H&FWD തീയതി,തിരുവനന്തപുരം, 23-06-2025

---

പരാമർശം:-

1. സ.ഉ (അച്ചടി) നം. 45/91/ഉഭപവ, തീയതി 30.12.1991.
2. സ.ഉ (അച്ചടി) നം. 12/99/ഉഭപവ, തീയതി 24.05.1999.
3. സ.ഉ. (അച്ചടി) നം. 33/2014/ഉ. ഭ.പ.വ. തിയതി 26.09.2014.
4. സ.ഉ (കൈ) നം. 5/2018/ഉ. ഭ.പ.വ തീയതി 21.02.2018.
5. സ.ഉ (കൈ) നം. 12/2021/ഉ. ഭ.പ.വ തീയതി 07.06.2021
6. ശ്രീ.അഭിഷേക് മോഹൻ സമർപ്പിച്ച 19.03.2022 തീയതിയിലെ അപേക്ഷ.
7. സ.ഉ. (അച്ചടി) നം.12/2023/ഉ.ഭ.പ.വ തീയതി 14.07.2023.
8. സ.ഉ. (കൈ) നം.21/2023/ഉ. ഭ.പ.വ തീയതി 09.11.2023.
9. മലപ്പുറം ജില്ലാ കളക്ടറുടെ 07.12.2023 തീയതിയിലെ ഡി.സി.എം.പി.എം/2475/2023-എ2 നമ്പർ കത്ത്
10. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20.05.2024 തീയതിയിലെ ആവഡ/8588/2024-ഇ. എച്ച്. 4 നമ്പർ കത്ത്.
11. ശ്രീ.അഭിഷേക് മോഹൻ സമർപ്പിച്ച **29.07.2024** തീയതിയിലെ അപേക്ഷ
12. സ.ഉ. (അച്ചടി) നം. 4/2025/പി&എ.ആർ.ഡി തീയതി, 29/03/2025
13. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ 07.05.2025 തീയതിയിലെ നമ്പർ എസ്.ഡി2/149/2025-പൊഭ.വ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലി ചെയ്തു വരവെ 27.09.2021 — ൽ മരണപ്പെട്ട സുഷ മരക്കവളപ്പിൽ -ന്റെ മകൻ ശ്രീ.അഭിഷേക് മോഹന് ആശ്രിത നിയമന പദ്ധതി പ്രകാരം ക്ലർക്ക് തസ്തികയിൽ ജോലി ലഭിക്കുന്നതിനായി പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2 . ആശ്രിത നിയമന പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ജോലി

നൽകാവുന്നതാണെന്ന് മലപ്പുറം ജില്ലാ കളക്ടറും ആരോഗ്യ വകുപ്പ് ഡയറക്ടറും പരാമർശം (9), (10) പ്രകാരം ശിപാർശ ചെയ്തിരുന്നു. എന്നാൽ അപേക്ഷകരുടെ എണ്ണക്കൂടുതൽ കാരണം ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് തസ്തികയിൽ മലപ്പുറം ജില്ലയിൽ നിയമനം ലഭ്യമാക്കണമെന്ന് അപേക്ഷിച്ച് പരാമർശം (11) പ്രകാരം ടിയാൻ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. പരാമർശം 2 ഉത്തരവിലെ ഖണ്ഡിക 20 പ്രകാരം ഒരാൾ ഓപ്റ്റ് ചെയ്തിട്ടുള്ള തസ്തികയിൽ ഒഴിവുകൾ ലഭ്യമല്ലെങ്കിൽ പ്രസ്തുത വകുപ്പിലെ ഏത് സബോർഡിനേറ്റ് തസ്തികയിലും, മറ്റ് വകുപ്പുകളാണെങ്കിൽ പരാമർശം 2 ഉത്തരവിന്റെ ഖണ്ഡിക 39 പ്രകാരം ക്ലാസ്സ് III, IV തസ്തികകളിൽ ബന്ധപ്പെട്ട വകുപ്പിന്റെ അഭിപ്രായം തേടിയ ശേഷം നിയമനം നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് തസ്തികയിൽ നിയമനത്തിനായി ശ്രീ.അഭിഷേക് മോഹനെ പരിഗണിച്ചു. ശ്രീ.അഭിഷേക് മോഹന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ള പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളതായും ശാരീരിക യോഗ്യതയും വൺ സ്റ്റാർ ടെസ്റ്റും എൻഡ്യൂറൻസ് ടെസ്റ്റും നടത്തിയതിൽ ടിയാൻ യോഗ്യനാണെന്നും വനം വന്യജീവി (എഫ്) വകുപ്പ് 10.03.2025- ൽ അറിയിച്ചിരുന്നു. തുടർന്ന് ടിയാന്റെ വിവരങ്ങളടങ്ങിയ നിശ്ചിത പ്രൊഫോർമ പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന് കൈമാറി. ആശ്രിത നിയമന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള ബീറ്റ് ഫോറസ്റ്റ് തസ്തികയിലെ ഒരു ഒഴിവ് ശ്രീ.അഭിഷേക് മോഹന് അനുവദിച്ചു നൽകുവാൻ പരാമർശം (13) പ്രകാരം പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ.അഭിഷേക് മോഹന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയ്ക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത, നിശ്ചിത ശാരീരികക്ഷമതാ യോഗ്യത എന്നിവ നേടിയിട്ടുള്ളതിനാൽ ടിയാന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതയുണ്ട്. 19.08.1999 -ൽ ജനിച്ച അപേക്ഷകന് ഇപ്പോൾ 25 വയസ്സ് പൂർത്തിയായിട്ടുണ്ട്. ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള പരാമർശം 2 ലെ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും അപേക്ഷകന്റെ കാര്യത്തിൽ പാലിച്ചിട്ടുണ്ട്. ശ്രീ.അഭിഷേക് മോഹൻ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് ജില്ല വ്യക്തമാക്കി അപേക്ഷ സമർപ്പിച്ചിട്ടുള്ള തീയതി 29.07.2024 ആയതിനാൽ പരാമർശം (3) ഉത്തരവ് നിഷ്കർഷിക്കും പ്രകാരം ടിയാന്റെ സാധുവായ അപേക്ഷ തീയതി 29.07.2024 ആണ്.

5. ഈ സാഹചര്യത്തിൽ, പരേതയായ സീനിയർ നഴ്സിംഗ് ഓഫീസർ സുഷ മരക്കവളപ്പിൽ -ന്റെ മകൻ ശ്രീ.അഭിഷേക് മോഹന് വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ പരാമർശം (13) പ്രകാരം അനുവദിച്ചു നൽകിയ ഒഴിവിൽ പരാമർശം 2,3 സർക്കാർ

ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, സാധുവായ അപേക്ഷ തീയതിയുടെ അടിസ്ഥാനത്തിലുള്ള സീനിയോറിറ്റി നിർണയിച്ച് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാന്റെ വയസ്സ്, യോഗ്യത, സ്വഭാവം, മുൻകാലചരിത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച ശേഷം, ചട്ടപ്രകാരമുള്ള മറ്റു നടപടികൾ പാലിച്ചുകൊണ്ട് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് യഥാവിധി നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ സമീപകാല പാസ്പോർട്ട് സൈസ് ഫോട്ടോ നിയമനാധികാരി മുമ്പാകെ അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. നിയമന ഉത്തരവിന്റെ പകർപ്പ് നിയമനാധികാരി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

6 . അപേക്ഷകൻ, നിയമനം ലഭിക്കുന്നത് മുതൽക്ക് പരേതയായ ജീവനക്കാരിയുടെ മാതാവ്/ പിതാവ് / വിഭാര്യൻ എന്നിവരെ അവരുടെ ജീവിതാന്ത്യം വരെയും അപേക്ഷകൻ അവിവാഹിതരായ സഹോദരൻ സഹോദരി എന്നിവരുണ്ടെങ്കിൽ അവരെ പ്രായപൂർത്തിയാകും വരെയും സംരക്ഷിക്കേണ്ടതാണ്. ആയത് ലംഘിക്കുന്ന പക്ഷം പരാമർശം (7) ഉത്തരവിലെ 5 (x) പ്രകാരമുള്ള നടപടികൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്.

7 . ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷിക്കുന്ന വ്യക്തിക്ക് നിയമനത്തിനായി സൗകര്യപ്രദമായ ജില്ല തെരഞ്ഞെടുക്കുവാൻ അർഹതയുണ്ട്. ആയതിനാൽ, ശ്രീ.അഭിഷേക് മോഹന് മലപ്പുറം ജില്ലയിൽത്തന്നെ നിയമനം നൽകേണ്ടതാണ്. ഒരു പക്ഷേ ടിയാന് തെരഞ്ഞെടുത്ത ജില്ലയിൽ അല്ലാതെ മറ്റൊരു ജില്ലയിൽ ആണ് നിയമനം നൽകുന്നതെങ്കിൽ ഏറ്റവും അടുത്ത അവസരത്തിൽ തെരെഞ്ഞെടുത്ത ജില്ലയിലേക്ക് സീനിയോരിറ്റി നഷ്ടപ്പെടാതെ തന്നെ സ്ഥലംമാറ്റം നൽകേണ്ടതാണ്.

8 . അപേക്ഷകൻ സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ, ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് ബോധ്യമാവുകയോ ചെയ്താൽ ടി അനുമതി ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. ശ്രീ.അഭിഷേക് മോഹന് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ പരേതയായ ജീവനക്കാരിയുടെ സേവന പുസ്തകത്തിലും പരേതയായ ജീവനക്കാരി അവസാനമായി ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ചേർത്ത് ഓഫീസ് തലവൻ/വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

9. ഒരു ഉദ്യോഗസ്ഥന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ജനന തീയതിയിലെ തെറ്റ് തിരുത്തുന്നത് സംബന്ധിച്ച് പരാമർശം (1) ലെ വ്യവസ്ഥകൾ നിയമനാധികാരി പുറപ്പെടുവിക്കുന്ന നിയമന ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ചിത്ര കെ ദിവാകരൻ

ജോയിന്റ് സെക്രട്ടറി

ശ്രീ.അഭിഷേക് മോഹൻ, തണ്ടലത്ത് ഹൗസ്, പുഴമ്പ്രം, ബിയ്യം പി.ഓ, മലപ്പുറം-679576 (രജിസ്റ്റേർഡ് തപാലിൽ)

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (അനുബന്ധ രേഖകൾ സഹിതം)

ജില്ലാ കളക്ടർ, മലപ്പുറം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം

മെഡിക്കൽ ഓഫീസർ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി, മലപ്പുറം

പൊതുഭരണ (വനം/ വന്യജീവി-എഫ്) വകുപ്പ് (10.03.2025 തീയതിയിലെ എഫ് 3/215/2024/-F & WLD നം.കുറിപ്പ് പ്രകാരം)

പൊതുഭരണ (സർവീസസ് -ഡി) വകുപ്പ്.

വിവര പൊതുജന സമ്പർക്ക വകുപ്പ് ( വെബ് & ന്യൂ മീഡിയ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്),കേരള,തിരുവനന്തപുരം.

കരുതൽ ഫയൽ (സി 1/136/2024/ആ.കു.വ.പ്രകാരം)

ഉത്തരവിൻ പ്രകാരം

Signed by

Prijith. G

Date: 25-06-2025 14:53:30

സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യ, വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്